# വിളവു തിന്നുന്ന വേലി

വടക്കാഞ്ചേരി: ജനകീയാസൂത്രണം വികസനമായി നാടുമൊത്തം പടരുമ്പോൾ മുള്ളൂർക്കര പഞ്ചായത്തിൽ ആസൂത്രിതമായ അവസ്ഥയിൽ അത് മുടന്തുന്നു.

മുള്ളൂർക്കര പഞ്ചായത്തിലെ രണ്ടാം വാർഡിലെ പാലിയം ചിറ ഇരുനിലംകോട് ഗ്രാമത്തിന്റെ പ്രധാന ജലസ്രോതസ്സാണ്. വേനലിൽ അലക്കാനും കുളിക്കാനും ഏക ആശ്രയമായ ചിറയിലൊരു തടയണ തീർത്താൽ താഴെ വിശാലമായ കൃഷിയിടങ്ങൾക്കും ഏറെ ഗുണകരം എന്നറിഞ്ഞ നാട്ടുകാർ പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി അംഗീകാരം നേടി. ഗ്രാമത്തിലെ രാഷ്ട്രീയ ദിവ്യന്മാരുടെ നേതൃത്വത്തിൽ രഹസ്യമായായാണെങ്കിലും ഒരു കമ്മിറ്റിയും രൂപീകരിച്ചു. സർവ്വകക്ഷികളും അണി നിരന്ന കമ്മിറ്റിയിൽ ആരംഭശൂരത്വം അതിരുകവിഞ്ഞിരുന്നു. ഏഴു മാസം പിന്നിട്ടിട്ടും എവിടെയും എത്താത്ത തടയണ നിർമ്മാണം പഞ്ചായത്തിന്റെ സംസാരവിഷമാണിപ്പോൾ. കമ്മിറ്റി അംഗങ്ങൾ പരസ്പരം കുറ്റപ്പെടുത്തുന്നു. ചിലവഴിച്ച കണക്കില്ല ഇതുവരേയും കമ്മിറ്റി വിളിച്ച് പണിയുടെ പുരോഗതിയും ചിലവഴിച്ച കാശിന്റെ കണക്കും അവതരിപ്പിച്ചില്ല. അനാഥമായ ഒരടിത്തറ- അതാണിപ്പോൾ തടയണ.

വ്യക്തിപരമായ ആവശ്യങ്ങൾക്ക് പണം ചിലവഴിച്ച് അനുവദിച്ചു കിട്ടിയ തടയണ നിർമ്മിക്കാതെ എല്ലാ രാഷ്ട്രീയ കക്ഷികളും അംഗങ്ങളായ കമ്മിറ്റിയിൽ ആർക്കും പരാതിയില്ല. മുടന്തൻ ന്യായങ്ങൾക്കു മുന്നിൽ ഒറ്റപ്പെട്ട കുറച്ചു ശബ്ദങ്ങൾ ഇതപ്പൊ ജനകീയാസൂത്രണം.

–എം.എസ്. ഇരുനിലംകോട്